വില്പനയുടെ നിബന്ധനകളും വ്യവസ്ഥകളും

1. വസ്തു വിൽപ്പന നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ള തിയ്യതിയിലും സമയത്തും ലേലം വഴി വിൽപ്പന നടത്തുന്നതാണ്.
2. ലേലത്തിൽ പങ്കടുക്കാൻ താൽപ്പര്യമുള്ളവർ വിൽപ്പന നോട്ടീസിൽ പരമാർശിച്ച EMD തുക ബാങ്കിന്റെ Escrow അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ : 143412000000107, Bank : IDBI Bank, ബ്രാഞ്ച് : ഇരിങ്ങാലക്കുട, IFSC: IBKL0001434 )നേരിട്ടോ, RTGS വഴിയോ മാനേജിംഗ് ഡയറക്ടർ ഇരിങ്ങാലക്കുട ടൗൺ കോ-ഓപ്പറേറ്റീവ് ബാങ്ക് പേരിൽ ലേല തിയ്യതിയിൽ 11:00 AM മണിക്ക് മുമ്പായി അടവാക്കിയതിന്റെ രേഖയും നിർദ്ദിഷ്ട മാതൃക യിലുള്ള ബിഡ്ഡ് ഫോമിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
3. നിർദ്ദിഷ്ട മാതൃകയിലുള്ള ബിഡ്ഡ് ഫോം ബാങ്കിന്റെ ഹെഢാഫിസിൽ നിന്നും ലഭ്യമായി രിക്കും.ലേലത്തിൽ പങ്കടുക്കാൻ താൽപ്പര്യമുള്ളവർ സ്വയം സാക്ഷ്യപ്പെടുത്തിയ തിരിച്ചറി യിൽ രേഖ/വിലാസം തെളിക്കുന്ന രേഖ എന്നിവയുടെ പകർപ്പുകൾ ബിഡ് ഫോമിനോ ടൊപ്പം മാനേജിംഗ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും പരിശോധനയ്ക്കായി അസ്സൽ രേഖ കൈവശം കരുതേണ്ടതുമാണ്. നിർദ്ദിഷ്ട മാതൃകയിലല്ലാതെ സമർപ്പിക്കുന്ന ബിഡ്ഡുകൾ യോഗ്യമല്ലെന്ന് കണക്കാക്കി നിരസിക്കുന്നതാണ്.
4. സംയുക്ത ബിഡ്ഡുകാരുടെ കാര്യത്തിൽ, ബിഡ്ഡ് ഫോമിനൊപ്പം ബിഡ്ഡർമാരെല്ലാം ചേർന്ന് ഒപ്പിട്ട് നൽകിയ (സാധുതയുള്ള തിരിച്ചറിയൽ രേഖയുള്ള അവരിലൊരാളെ ചുമതലപ്പെടുത്തുന്ന) അധികാരപത്രം സമർപ്പിക്കേണ്ടതാണ്. ബിഡ്ഡർ ഒരു കോർപ്പറേറ്റ്/പാർട്ട്ണർഷിപ്പ് സ്ഥാപനമാണെങ്കിൽ, സാധുതയുള്ള തിരിച്ചറിയൽ രേഖയുള്ള യഥാർത്ഥ ബിഡ്ഡറെ ചുമതലപ്പെടുത്തിക്കൊണ്ട് ബോർഡ് ഓഫ് ഡയറക്ടേഴ്സ്/പങ്കാളികൾ പാസാക്കിയ പ്രമേയത്തിന്റെ പകർപ്പ് ബിഡ് ഫോമിനൊപ്പം സമർപ്പിക്കേണ്ടതുണ്ട്.
5. മുകളിൽ പരാമർശിച്ചിരിക്കുന്ന രീതിയിലും രേഖകൾക്കൊപ്പവും EMD തുക ബാങ്കിന് ലഭിച്ചാൽ മാത്രമേ താല്പര്യമുള്ള വാങ്ങലുകാരെ ലേലത്തിൽ പങ്കെടുക്കാനും ബിഡ് ചെയ്യാനും അനുവദിക്കുകയുള്ളൂ.
6. EMD സമർപ്പിച്ച ശേഷം, ബിഡ്ഡർമാരെ ബിഡ്ഡ് ഫോമുകൾ/EMD പിൻവലിക്കാൻ അനുവദിക്കുന്നതല്ല. താല്പര്യമുള്ള ബിഡ്ഡർമാർ അടച്ച EMD തുകയ്ക്ക് പലിശയൊന്നും ലഭിക്കുന്നതല്ല.
7. ലേല ലേലവിളി റിസർവ് വിലയിൽ നിന്നോ അല്ലെങ്കിൽ രേഖപ്പെടുത്തിയ ഏറ്റവും ഉയർന്ന ബിഡ് തുകയിൽ നിന്നോ (ഏതാണോ ഉയർന്നത്) ആരംഭിക്കുന്നതാണ്.
8. ബിഡ്ഡർ ഒരു തവണ സമർപ്പിച്ച ബിഡ്ഡ് റദ്ദാക്കാനോ പിൻവലിക്കാനോ കഴിയില്ല, കൂടാതെ അന്തിമ ബിഡ് വിലയിൽ സ്വത്ത് വാങ്ങാൻ ബിഡ്ഡർ ബാധ്യസ്ഥനായിരിക്കും. ഇവിടെ പരാമർശിച്ചിരിക്കുന്ന ലേലത്തിന്റെ ഏതെങ്കിലും നിബന്ധനകളും വ്യവസ്ഥകളും പാലിക്കുന്നതിൽ ബിഡ്ഡറുടെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ച വന്നാൽ, വീഴ്ച വരുത്തിയ ബിഡ്ഡർ അടച്ച തുക കണ്ടുകെട്ടുന്നതിന് ഇടയാക്കും.
9. വിജയിയായ ബിഡ്ഡറെ പ്രഖ്യാപിക്കുന്നത് സംബന്ധിച്ച അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ തീരുമാനം അന്തിമവും എല്ലാ ബിഡ്ഡർമാർക്കും ബാധകവുമായിരിക്കും.
10. വിജയിയായ ബിഡ്ഡറെ പ്രഖ്യാപിക്കുന്നതിന് മുമ്പ്, യാതൊരു കാരണവും കാണിക്കാതെ ഏതു സമയത്തും ലേല നടപടികൾ റദ്ദാക്കാൻ ബാങ്കിന് പൂർണ്ണ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്.
11. EMD ഇല്ലാതെ സമർപ്പിക്കുന്ന ബിഡ്ഡ് നിരസിക്കപ്പെടുന്നതാണ്. വസ്തു റിസർവ് വിലയ്ക്ക് താഴെ വിൽക്കുന്നതല്ല.
12. നിബന്ധനകൾക്ക് വിധേയമല്ലാതെയുള്ള ബിഡുകൾ അസാധുവായി കണക്കാക്കാവുന്നതാണ്. ബിഡ്/ബിഡുകൾ സമർപ്പിച്ച ശേഷം ബിഡിൽ വരുത്തുന്ന മാറ്റങ്ങളെക്കുറിച്ചുള്ള ഒരു കത്തിടപാടുകളും സ്വീകരിക്കുന്നതല്ലെന്ന് ശ്രദ്ധിക്കുക.
13. ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്യുന്നത് സ്വീകരിക്കാൻ ബാങ്ക് ബാധ്യസ്ഥനല്ല, കൂടാതെ യാതൊരു കാരണവും കാണിക്കാതെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ ഓഫറുകളും സ്വീകരിക്കാനോ നിരസിക്കാനോ അല്ലെങ്കിൽ ലേലം മാറ്റിവെക്കാനോ/റദ്ദാക്കാനോ ബാങ്കിന് പൂർണ്ണ അവകാശമുണ്ട്. വില്പന ബാങ്കിന്റെ സ്ഥിരീകരണത്തിന് വിധേയമായിരിക്കും.
14. വീഴ്ച വരുത്തിയ ബിഡ്ഡർ, നിക്ഷേപിച്ച തുക കണ്ടുകെട്ടുന്ന സാഹചര്യത്തിൽ, പണയവസ്തുവിലോ അല്ലെങ്കിൽ പിന്നീട് അത് വിൽക്കപ്പെടുന്ന തുകയുടെ ഒരു ഭാഗത്തിലോ അയാൾക്ക് യാതൊരു അവകാശവാദവും ഉണ്ടായിരിക്കുന്നതല്ല
15. ബിഡിന്റെ/ബിഡുകളുടെ വാലിഡിറ്റി, ബിഡ് തുക, EMD അല്ലെങ്കിൽ ബിഡ്ഡറുടെ യോഗ്യത, ബിഡ്ഡറെ പ്രതിനിധീകരിക്കുന്ന വ്യക്തിയുടെ അധികാരം എന്നിവയെക്കുറിച്ച് എന്തെങ്കിലും തർക്കമുണ്ടായാൽ, ബാങ്കിന്റെ വ്യാഖ്യാനവും തീരുമാനവും അന്തിമമായിരിക്കും. അത്തരം സാഹചര്യത്തിൽ, വില്പന റദ്ദാക്കാനും ബാങ്ക് തീരുമാനിക്കുന്ന ഏതെങ്കിലും തീയതിയിലും സമയത്തിലും വസ്തു വീണ്ടും ലേലത്തിന് വെക്കാനും ബാങ്കിന് അതിന്റെ സ്വന്തം വിവേചനാധികാരത്തിൽ അവകാശമുണ്ടായിരിക്കും.
16. വസ്തു "എവിടെയാണോ എങ്ങനെയാണോ അവിടുത്തെ അതേ സ്ഥിതിയിൽ" ("as is where is"), അവിടെയുണ്ടോ അതേ സ്ഥിതിയിൽ" ("whatever there is") എന്ന അടിസ്ഥാനത്തിലാണ് വിൽക്കുന്നത്, പണയവസ്തുവിനെ ബാധിക്കുന്ന ആധാരത്തിന്റെ അവകാശം (title),

അവസ്ഥ അല്ലെങ്കിൽ മറ്റേതെങ്കിലും വസ്തുതകൾ എന്നിവയ്ക്ക് ബാങ്ക് ഉത്തരവാദിയല്ല.

17. ലേലത്തിൽ പങ്കെടുക്കുന്നതിന് മുമ്പ് വസ്തുവിന്റെ സവിശേഷതകൾ, ആധാരങ്ങളുടെയും മറ്റ് രേഖകളുടെയും നിയമസാധുത ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ചു ബോധ്യപ്പെടേണ്ടത് ബിഡ്ഡർമാരുടെ ഉത്തരവാദിത്തമാണ്. ലേലം പൂർത്തിയായ ശേഷം വസ്തു വഹകൾ ബന്ധപ്പെട്ട ഉണ്ടാകുന്ന പ്രശ്നങ്ങൾക്കൊന്നും ഇരിങ്ങാലക്കുട ടൗൺ കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് ഉത്തരവാദിയായിരിക്കില്ല.
18. വിജയിയായ ബിഡ്ഡർ ലേല തുകയുടെ 25% (10% EMD ഉൾപ്പെടെ) വില്പന അദ്ദേഹത്തിന്റെ/അവളുടെ പേരിൽ സ്ഥിരീകരിക്കുന്ന മുറയ്ക്ക് അന്നേ ദിവസമോ അല്ലെങ്കിൽ അടുത്ത പ്രവൃത്തി ദിവസത്തിനുള്ളിലോ അടയ്ക്കേണ്ടതാണ്. ബാക്കി 75% ബിഡ് തുക വില്പന സ്ഥിരീകരിച്ച് 15 ദിവസത്തിനകം ബാങ്കിൽ അടയ്ക്കേണ്ടതാണ്, അല്ലാത്തപക്ഷം നിരതദ്രവ്യമായും/അല്ലെങ്കിൽ അത്തരം മറ്റ് തുകകളായും ബിഡ്ഡർ നടത്തിയ മുഴുവൻ നിക്ഷേപവും ബാങ്ക് നോട്ടീസ് കൂടാതെ കണ്ടുകെട്ടുകയും വില്പന റദ്ദാക്കുകയും പണയവസ്തു വീണ്ടും ലേലത്തിന് കൊണ്ടു വരികയും ചെയ്യും.
19. വില്പന സ്ഥിരീകരിക്കുകയും മുഴുവൻ വില്പന തുകയും ബാങ്കിന് ലഭിക്കുകയും ചെയ്താൽ, വിജയിയായ ബിഡ്ഡർക്ക് ബാങ്കിന്റെയും നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി ആധാരം രജിസ്ട്രർ നൽകുന്നതിനു വേണ്ട നടപടികൾ കൈകൊള്ളുന്നതാണ്. ലേലത്തിൽ പങ്കെടുത്ത വ്യക്തിയയുടെ പേരിൽ അല്ലാതെ ആധാരം രജിസ്ട്രർ നൽകുന്നതിനുള്ള ഒരു അഭ്യർത്ഥനയും സ്വീകരിക്കുന്നതല്ല.
20. വിജയിയായ ബിഡ്ഡർ ഗവൺമെന്റിന്/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ നൽകേണ്ട നിലവിലുള്ള എല്ലാ കുടിശ്ശികകളും മറ്റും അടച്ചുതീർക്കേണ്ടതും പണയവസ്തു അദ്ദേഹത്തിന്റെ/അവളുടെ പേരിലേക്ക് മാറ്റുന്നതിന് ആവശ്യമായ ബാധകമായ സ്റ്റാമ്പ് ഡ്യൂട്ടി / അധിക സ്റ്റാമ്പ് ഡ്യൂട്ടി / ട്രാൻസ്ഫർ ചാർജുകൾ, രജിസ്ട്രേഷൻ ചെലവുകൾ, ഫീസുകൾ തുടങ്ങിയ എല്ലാ ചെലവുകളും വഹിക്കേണ്ടതുമാണ്.
21. ലേലം പൂർത്തിയായ ശേഷം ലഭിക്കുന്ന കോടതി ഉത്തരവ് മൂലമോ മറ്റെന്തെങ്കിലും കാരണങ്ങളാലോ വില്പന സ്ഥിരീകരണവും/ ആധാരം രജിസ്ട്രർ നൽകുന്നതിനോ എന്തെങ്കിലും താമസമോ ഉണ്ടായാൽ പലിശ നൽകാനോ EMD അല്ലെങ്കിൽ അത്തരം തുകകൾ തിരികെ നൽകാനോ ഇരിങ്ങാലക്കുട ടൗൺ കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് ബാധ്യസ്ഥരല്ല.
22. വിൽക്കുന്ന വസ്തുകൾക്ക്മേലുള്ള ഏതെങ്കിലും ചാർജ്ജ്, ലീൻ, കുടിശ്ശിക ബാധ്യത (encumbrance), വസ്തു നികുതി അല്ലെങ്കിൽ സർക്കാരിലേക്കോ മറ്റേതെങ്കിലും സ്ഥാപനങ്ങളിലേക്കോ ഉള്ള കുടിശ്ശികകൾ എന്നിവയ്ക്ക് ബാങ്ക് ഉത്തരവാദികളായിരിക്കില്ല.
23. ബിഡ് സ്വീകരിച്ച ശേഷം ഏതെങ്കിലും അതോറിറ്റി ആവശ്യപ്പെടുന്ന എല്ലാ നികുതികളും/വൈദ്യുതി/കുടിവെള്ള/മലിനജല നിരക്കുകളും അല്ലെങ്കിൽ മറ്റേതെങ്കിലും നിരക്കുകളും (അത് മുൻകാലങ്ങളിലേതാണെങ്കിൽ പോലും) വിജയിയായ ബിഡ്ഡർ അടയ്ക്കേണ്ടതാണ്.
24. ബിഡ്ഡർ ആദായനികുതി നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വില്പനയിന്മേലുള്ള TDS പേയ്മെന്റ് ഉറപ്പാക്കേണ്ടതും ആധാരം നൽകുന്നതിന് മുമ്പ് അതിന്റെ ആവശ്യമായ തെളിവ് ബാങ്കിന് സമർപ്പിക്കേണ്ടതുമാണ്.
25. വിജയിയായ ബിഡ്ഡർ സ്വന്തം ചെലവിൽ വൈദ്യുതി/കുടിവെള്ള/മലിനജല കണക്ഷൻ മുതലായവയും മറ്റേതെങ്കിലും പൊതു സേവനങ്ങളും തന്റെ പേരിലേക്ക് മാറ്റേണ്ടതാണ്
26. ബാങ്ക് പണയവസ്തു സംബന്ധിച്ച് കുടിക്കട സർട്ടിഫിക്കേറ്റ് കരസ്ഥമാക്കിയിട്ടുണ്ട്, ആയത് പ്രകാരം ബാങ്കിന്റെ അറിവിലുള്ള ബാദ്ധ്യതകൾ/എൻട്രികൾ എന്നിവ ഉണ്ടെങ്കിൽ ആയത് വിൽപ്പന നോട്ടീസിൽ പ്രസ്ഥാവിച്ചിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾക്കും, വസ്തു പരിശോധിക്കുന്നതിനുമായി, താല്പര്യമുള്ള ബിഡ്ഡർമാർക്ക് ഇരിങ്ങാലക്കുട ടൗൺ കോ-ഓപ്പറേറ്റീവ് ബാങ്ക് ഹെഡ്ഓഫീസിലോ ബന്ധപ്പെടാവുന്നതാണ്.

വില്പനയുടെ വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കുമായി, ദയവായി www.itubank.com എന്നതിൽ നൽകിയിട്ടുള്ള ലിങ്ക് പരിശോധിക്കുക.

മാനേജിംഗ് ഡയറക്ടർ

**ഇരിങ്ങാലക്കുട ടൗൺ കോ-ഓപ്പറേറ്റീവ് ബാങ്ക്**